(ബി) ഇത് സംബന്ധിച്ച തുടർനടപടികൾ പുരോഗമിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കെ.എ.പി. 5-ാം ബറ്റാലിയനുവേണ്ടി ഇടുക്കി ജില്ലയിൽ പീരുമേടിനടുത്ത് കുട്ടിക്കാനം എന്ന സ്ഥലത്ത് പോലീസ് ഡിപ്പാർട്ടുമെന്റു വക ഭൂമിയിൽ ആസ്ഥാനം പണിയുന്നതിനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരികയാണ്. 2 മാസത്തിനുള്ളിൽ ഈ പണികൾ ടെണ്ടർ ചെയ്യുന്നതാണ്.

പോലീസുകാരുടെ അന്തർജില്ലാ സ്ഥലംമാറ്റം

79 (4514) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര പോലീസുകാരെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് വിധേയരാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്ഥലംമാറ്റങ്ങൾ അച്ചടക്കനടപടിയുടെ ഭാഗമായിട്ടാണോ നടത്തിയതെന്ന് വ്യക്തമാക്കാമോ ;

(സി) അന്തർജില്ലാ സ്ഥലംമാറ്റംമൂലം പോലീസുകാർക്ക് എന്തെങ്കിലും പ്രയാസങ്ങൾ നേരിട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പോലീസുകാരുടെ ബുദ്ധിമുട്ടും കഷ്ടപ്പാടുകളും കണക്കിലെടുത്ത് ഈ സ്ഥലംമാറ്റം റദ്ദുചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 311 പേരെ

(ബി) ഇതിൽ 222 പേർ അവർ ആവശ്യപ്പെട്ടപ്രകാരം നിലവിലുള്ള നിയമപ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം നൽകപ്പെട്ടവരാണ്. ബാക്കിയുള്ളവരെ അച്ചടക്കനടപടിയുടെ ഭാഗമായും പൊതു താൽപ്പര്യപ്രകാരവുമാണ് സ്ഥലം മാറ്റിയിട്ടുള്ളത്.

(സി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തെ സംബന്ധിച്ച് ലഭിച്ച ചില പരാതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly